**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2312 — 18.03.2015 ൽ മറുപടിക്ക്

## ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. കെ ബഷീർ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി തൃപ്തികരമാണോ; | (എ) അതെ |
| (ബി) പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം, പരിപാലനം എന്നിവയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) ഇ-ഗവേണൻസ് പദ്ധതിക്ക് ആവശ്യം വേണ്ട അടിസ്ഥാന സൗകര്യ പദ്ധതികളായ സ്റ്റേറ്റ് ഡാറ്റാ സെന്റർ, വൈഡ് ഏരിയ നെറ്റ് വർക്ക്, പൊതു സേവന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സർക്കാർ സേവനങ്ങൾ ഓൺലൈനായി മാറിയതോടെ വർദ്ധിച്ചു വരുന്ന ആവശ്യം പൂർത്തീകരിക്കുന്നതിനായി രണ്ടാമതൊരു സ്റ്റേറ്റ് ഡാറ്റാ സെന്ററും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സെർവർ സ്റ്റോറേജ് സ്പേസ് ലഭിക്കുന്നതിന് 'ക്ലൗഡ്' പദ്ധതി പുതിയ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ നടപ്പാക്കി വരുന്നു. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് പദ്ധതി ബ്ലോക്ക് തലം വരെ പൂർണ്ണമായും നടപ്പാക്കി. പഞ്ചായത്ത് തലം വരെ കണക്ടിവിറ്റി ഉറപ്പ് വരുത്തുന്നതിനായി NOFN എന്ന പദ്ധതിയുമായി KSWAN സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പൊതു സേവന കേന്ദ്രങ്ങളായ അക്ഷയ വഴി(CSC) കൂടുതൽ വൈവിദ്ധ്യ പൂർണ്ണമായ സേവനങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട്സ്, അക്ഷയ, സിറ്റിസൺ കോൾ സെന്റർ എന്നീ സേവനോൻമുഖ സംരംഭങ്ങൾ ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് ,ഡിജിറ്റൽ സിഗ്നേചർ മുതലായവ നൽകി വരികയാണ്. കൂടാതെ സർക്കാർ ഉദ്യോഗസ്ഥർക്ക് ഓൺലൈൻ വഴി ഓഫീസ് ജോലികൾ നിർവഹിക്കുന്നതിനായുള്ള പരിശീലനവും നൽകി വരുന്നു. |
| (സി) പദ്ധതിയുടെ ഭാഗമായുള്ള വിർച്ചൽ ഐ.ടി. കേഡറിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | (സി) ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിർച്ചൽ ഐ.ടി. കേഡർ രൂപീകരിച്ച് സെക്രട്ടേറിയറ്റിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് IIITMK-ൽ വച്ച് 15 ദിവസ പരിശീലനം നൽകുകയുണ്ടായി. ടി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**